## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3148 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയ്ക്ക് തടസ്സം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.പി.സി. ജോർജ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം കോർപറേഷന്റെ സ്മാർട്ട് സിറ്റി പദ്ധതി, നിയമവകുപ്പിന്റെ തടസ്സം മൂലം വൈകുവാനിടയാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | തിരുവനന്തപുരം സ്മാർട്ട് സിറ്റി മിഷൻ പദ്ധതി നടത്തിപ്പിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ട്രിവാൻഡ്രം സ്മാർട്ട് സിറ്റി ലിമിറ്റഡ് എന്ന കമ്പനി രൂപീകരണത്തിനായുള്ള ഫയൽ നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് ശേഷം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ടി പദ്ധതിയ്ക്ക് നിയമവകുപ്പ് യാതൊരു തടസ്സവും ഉന്നയിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തിയാക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കുമോ? | (ബി) | സ്വീകരിക്കും. തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി ത്വരിത ഗതിയിൽ നടപ്പിലാക്കുന്നതിനായി ട്രിവാൻഡ്രം സ്മാർട്ട് സിറ്റി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ.ഗോപാലകൃഷ്ണൻ ഐ.എ.എസ്സ്. നെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ